(സി)

കോഴ്സ്	വിദ്യാർത്ഥികളുടെ എണ്ണം
പി.ജി.ഡി.സി.എ.	64
മാസിയേഴ്സ് കോഴ്സ്	32
ഫ്രണ്ട് ഓഫീസ് മാനേജ്മെന്റ്	8

(ഡി) തിരുവനന്തപുരത്തുള്ള സെന്ററിൽ മാസിയേഴ്സ് ട്രെയിനിംഗ് കോഴ്സ് ആരംഭിച്ചിട്ടുണ്ട്.

ചമ്പക്കുളം മൂലം വള്ളംകളിക്കുള്ള ഗ്രാന്റ്

88 [3235] ശ്രീ. ഡി. സുഗതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വള്ളംകളികളിൽ പ്രമുഖസ്ഥാനമുള്ള ചമ്പക്കുളം മൂലം വള്ളംകളിക്കുള്ള ഗ്രാന്റ് വർദ്ധിപ്പിച്ചു കിട്ടണമെന്നുള്ള നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കൂടുതൽ തുക അനുവദിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

ചുണ്ടൻ വള്ളങ്ങൾക്ക് മെയിന്റനൻസ് ഗ്രാന്റ് അനുവദിക്കുമെന്ന് ഔദ്യോഗിക പ്രഖ്യാപനം

89 [3236] ശ്രീ. ഡി. സുഗതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളംകളികളിൽ പങ്കെടുത്തുവരുന്ന ചുണ്ടൻവള്ളങ്ങൾക്ക് മെയിന്റനൻസ് ഗ്രാന്റ് അനുവദിക്കുമെന്ന് ഔദ്യോഗിക പ്രഖ്യാപനം ഉണ്ടായെങ്കിലും പ്രസ്തുത ആനുകൂല്യം ലഭിച്ചിട്ടില്ലായെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ഉത്തരം

(എ, ബി) വള്ളംകളികളിൽ പങ്കെടുത്തുവരുന്ന സംസ്ഥാനത്തെ ചുണ്ടൻവള്ളങ്ങൾക്ക് 25,000 രൂപ വീതം മെയിന്റനൻസ് സബ്സിഡി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ടൂറിസം വകുപ്പ് സംഘടിപ്പിക്കുന്ന ഗോൾഡ് എക്സിബിഷൻ

90 [3237] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) ഗോൾഡ് എക്സിബിഷൻ സംഘടിപ്പിക്കുന്നതിന് ടൂറിസം വകുപ്പ് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്നുമുതൽക്കാണ് ഇത് നടത്താൻ ഉദ്ദേശിക്കുന്നതെന്നും എവിടെ വച്ചാണ് നടത്താൻ തീരുമാനിച്ചതെന്നും വ്യക്തമാക്കാമോ;

(സി) ഏത് ഏജൻസി വഴിയാണ് ഇത് സംഘടിപ്പിക്കുന്നത്;

(ഡി) ഇതിലേക്കായി സർക്കാർ എന്തെല്ലാം സഹായങ്ങളാണ് നൽകിയിട്ടുള്ളത്;

(ഇ) സാമ്പത്തിക സഹായം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എത്ര?

ഉത്തരം

(എ) ഉണ്ട്.

(ബി) 2003 ഒക്ടോബർ 10 മുതൽ നവംബർ 9 വരെ കേരളത്തിലെ കോർപ്പറേഷൻ നഗരങ്ങളായ തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട് എന്നീ 5 നഗരങ്ങളിലാണ് ഇത് നടത്താൻ തീരുമാനിച്ചിട്ടുള്ളത്.

(സി) ടൂറിസം വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലും, നിർദ്ദേശത്തിലും, നിരീക്ഷണത്തിലും കൊച്ചി ആസ്ഥാനമായുള്ള പ്രൈം ടൈം അൺലിമിറ്റഡ് എന്ന ഏജൻസിയെയാണ് ഇവന്റ് മാനേജരായി പ്രസ്തുത മേളയുടെ നടത്തിപ്പ് ഏൽപ്പിച്ചിരിക്കുന്നത്.

(ഡി, ഇ) ടൂറിസം വകുപ്പിന്റെ പൂർണ്ണസഹകരണത്തോടെ നടത്തുന്ന ടി മേളയിലേക്ക് സർക്കാർ സാമ്പത്തിക സഹായമായി 45 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

ടൂറിസം വകുപ്പ് നടത്തുന്ന സ്വർണ്ണാഭരണങ്ങളുടെ എക്സിബിഷൻ

91 [3238] ശ്രീ. ടി. കെ. ബാലൻ:
„ ടി. കെ. ദേവകുമാർ:
„ പിരപ്പൻകോട് മുരളി:
„ സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ടൂറിസം വകുപ്പ് സ്വർണ്ണാഭരണങ്ങളുടെ എക്സിബിഷൻ നടത്താൻ പരിപാടിയിട്ടിട്ടുണ്ടോ;

(ബി) എക്സിബിഷൻ നടത്തുന്നതിന് മറ്റേതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഏത് ഏജൻസിയെയാണെന്ന് വെളിപ്പെടുത്തുമോ;

(സി) എക്സിബിഷൻ നടത്തുന്നതിന് എന്തു തുക ചെലവ് പ്രതീക്ഷിക്കുന്നു;

(ഡി) ചെലവ് ഏതെല്ലാം നിലയിൽ വഹിക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത്;

(ഇ) സർക്കാർ സഹായമായി എന്തു തുക നൽകുവാനാണ് ഉദ്ദേശിക്കുന്നത്?

LIBRARY ARCHIVES Kerala Legislative Assembly